പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 84

# 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 84

# 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ

20/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 84

# 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ

1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് റദ്ദാക്കുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് (1991-ലെ 15) റദ്ദാക്കേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. റദ്ദാക്കലും ഒഴിവാക്കലും.—(1) 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് (1991-ലെ 15) (ഇതിനുശേഷം റദ്ദാക്കപ്പെട്ട ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു:

എന്നാൽ അപ്രകാരമുള്ള റദ്ദാക്കൽ,—

(എ) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ്, ചെയ്തിട്ടുള്ള ഏതെങ്കിലും കാര്യത്തെയോ ചെയ്ത ഏതെങ്കിലും കുറ്റത്തെയോ ഉണ്ടായിട്ടുള്ള ഏതെങ്കിലും പിഴയെയോ ശിക്ഷയെയോ, ആരംഭിച്ചിട്ടുള്ള ഏതെങ്കിലും നടപടിയെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(ബി) റദ്ദാക്കൽ പ്രാബല്യത്തിൽ വന്ന സമയം പ്രാബല്യത്തിലില്ലാതിരുന്നതോ നിലവിലില്ലാതിരുന്നതോ ആയ ഏതൊരു കാര്യത്തേയും പുനരുജ്ജീവിപ്പിക്കുകയോ; അല്ലെങ്കിൽ

(സി) റദ്ദാക്കപ്പെട്ട ആക്റ്റിന്റെ മുൻകാലത്തെ പ്രാബല്യത്തേയോ അതിൻ കീഴിൽ യഥാവിധി ചെയ്തതോ സംഭവിച്ചതോ ആയ ഏതെങ്കിലും കാര്യത്തെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(ഡി) റദ്ദാക്കപ്പെട്ട ആക്റ്റിൻ കീഴിൽ, ആർജ്ജിച്ചതോ ഉണ്ടായിട്ടുള്ളതോ സംഭവിച്ചതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ ബാധ്യതയെയോ കടപ്പാടിനെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(ഇ) റദ്ദാക്കപ്പെട്ട ആക്റ്റിനെതിരായി ചെയ്തിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ചുള്ള ഏതെങ്കിലും പിഴയെയോ പിഴശിക്ഷയെയോ കണ്ടുകെട്ടലിനെയോ ശിക്ഷയെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(എഫ്) മുൻപറഞ്ഞ പ്രകാരം അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ കടപ്പാടിനെയോ ബാധ്യതയെയോ പിഴയെയോ പിഴശിക്ഷയെയോ കണ്ടുകെട്ടലിനെയോ ശിക്ഷയെയോ സംബന്ധിച്ചുള്ള ഏതെങ്കിലും അന്വേഷണത്തെയോ നിയമനടപടിയെയോ അല്ലെങ്കിൽ പരിഹാരത്തെയോ ബാധിക്കുകയോ;

ചെയ്യുന്നതല്ലാത്തതും, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്ന് എന്ന രീതിയിൽ അപ്രകാരമുള്ള ഏതെങ്കിലും അന്വേഷണ വിചാരണയോ നിയമനടപടികളോ അല്ലെങ്കിൽ പരിഹാരമോ ആരംഭിക്കാവുന്നതും അപ്രകാരമുള്ള ഏതെങ്കിലും പിഴയോ പിഴശിക്ഷയോ ശിക്ഷയോ ചുമത്താവുന്നതും ആകുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും,—

(എ) ഈ ആക്റ്റിന്റെ പ്രാരംഭതീയതിയിൽ റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരം, ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ മുൻപാകെ തീർപ്പാക്കാതെ നിലവിലിരിക്കുന്ന ഏതെങ്കിലും അപേക്ഷയോ അപ്പീലോ റിവിഷനോ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ തീർപ്പാക്കേണ്ടതാണ്;

(ബി) ഈ ആക്റ്റിന്റെ പ്രാരംഭതീയതിയിൽ, റദ്ദാക്കപ്പെട്ട ആക്റ്റിന്റെ കീഴിൽ നിയമിക്കപ്പെട്ട, അപ്പലേറ്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കപ്പെട്ടതും തീർപ്പാക്കാതെ നിലവിലിരിക്കുന്നതുമായ ഏതെങ്കിലും അപ്പീൽ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതയിൽ അപ്രകാരമുള്ള അധികാരസ്ഥാനം കേൾക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്;

(സി) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരമുള്ള നികുതി നിർണ്ണയിക്കുവാൻ വിട്ടുപോയ കാർഷികാദായത്തിന്മേലുള്ള നികുതി നിർണ്ണയം ഉൾപ്പെടെയുള്ള നികുതി നിർണ്ണയം, നികുതി ചുമത്തൽ, നികുതി പിരിച്ചെടുക്കൽ, ഈടാക്കൽ എന്നിവ സംബന്ധിച്ച് ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ നിലവിലുണ്ടായിരുന്ന നടപടികൾ തുടരുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള അവകാശം,

ഏതെങ്കിലും ആളിൽ നിന്നും കിട്ടേണ്ട തുക ഒരാൾ നൽകുന്നതിനുള്ള ബാധ്യത, റദ്ദാക്കപ്പെട്ട ആക്റ്റിന് കീഴിൽ തുക തിരികെ ലഭിക്കുന്നതിനുള്ള ഏതെങ്കിലും അവകാശം എന്നിവയെ ബാധിക്കുന്നതല്ല.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്ത് തോട്ടം മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വേണ്ടി 27-11-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 188/2015/തൊഴിൽ പ്രകാരം നിയമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുവാൻ സർക്കാർ തീരുമാനിച്ചു. കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കണമെന്ന ശിപാർശ നടപ്പിലാക്കുന്നതിനായി, 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് (1991-ലെ 15) റദ്ദാക്കുവാനും സർക്കാർ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഒരു നിയമനിർമ്മാണം കൊണ്ടുവരുവാനും സർക്കാർ തീരുമാനിച്ചു.

മേൽ പ്രസ്താവിച്ച ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

കെ. എൻ. ബാലഗോപാൽ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-10-2021

ഫയൽ നം. ബി2/200/2017/നി.വ. ഇനം നം: 325

വിഷയം : നികുതി വകുപ്പ് - തോട്ടം ഉടമകളിൽ നിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനായി 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) കരട് ബിൽ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

325

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നം. | : | ബി2/200/2017/നി.വ. |
| 2 | വകുപ്പ് | : | നികുതി (ബി) വകുപ്പ് |
| 3 | വിഷയം | : | തോട്ടം ഉടമകളിൽ നിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനായി 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) കരട് ബിൽ അംഗീകരിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 05.09.2021 |
| 5 | i.ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ / ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അഭിപ്രായം കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| | | : | |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. <br> ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | സിനി.ജെ.ഷുക്കൂർ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | മുഹമ്മദ് വൈ.സഫീറുള്ള. കെ (OSD FR- ലിങ്ക് ഓഫീസർ) |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 06.10.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.10.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | കെ.എൻ.ബാലഗോപാൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 15.10.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 18.10.2021 |
| 15 | മന്ത്രിസഭാ യോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

തോട്ടം ഉടമകളിൽ നിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള 2021 -ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) കരട് ബിൽ അംഗീകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 27-11-2015-ലെ സ.ഉ.(കൈ) 188/2015/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷനെ നിയമിച്ചിരുന്നു. ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് പരിശോധിച്ച് ആയത് നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി 18-06-2017-ലെ സ.ഉ.(എം.എസ്) 44/2017/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തോട്ടം ഉടമകളിൽ നിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിന് 10-10-2018-ലെ മന്ത്രിസഭായോഗം തീരുമാനിച്ചു.

3. കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കണമെന്ന ശിപാർശ നടപ്പിലാക്കുന്നതിനായി, 1991-ലെ കേരള കാർഷികാദായ നികുതി ആക്ട് റദ്ദ് ചെയ്യേണ്ടതായിട്ടുണ്ട്. ആയതിലേക്കായി 2019-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 236 ആയി പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത ബിൽ പതിനാലാം കേരള നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കുകയുണ്ടായില്ല. പതിനാലാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത ബിൽ സംബന്ധിച്ച ഫയൽ താഴെപ്പറയുന്ന അഭിപ്രായം സഹിതം നിയമവകുപ്പ് തിരികെ ലഭ്യമാക്കിയിട്ടുണ്ട്.

" 03.05.2021- ലെ എസ്.ആർ.ഒ 382/2021 വിജ്ഞാപനപ്രകാരം പതിനാലാം

കേരള നിയമസഭയുടെ കാലാവധി 2021 മേയ് 3-ാം തീയതി അവസാനിച്ച സാഹചര്യത്തിൽ ഭാരതത്തിന്റെ ഭരണഘടനയിലെ 196(5) അനുച്ഛേദം പ്രകാരം 2019-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ (പതിനാലാം കേരള നിയമസഭയുടെ ബിൽ നമ്പർ 236 ) കാലഹരണപ്പെട്ടിട്ടുള്ളതാണ് . ആയതിനാൽ പ്രസ്തുത വിഷയത്തിൽ പുതിയ നയപരമായ തീരുമാനം എടുക്കുന്നതിനു വേണ്ടി ഫയൽ ഭരണവകുപ്പിന് മടക്കിനൽകാവുന്നതാണ്."

4. കാലഹരണപ്പെട്ട ബില്ലിനു പകരം , 2021 ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ കൊണ്ടുവന്നാൽ ആയതിൽ പുതുതായി കൂട്ടിച്ചേർക്കലുകളോ ഒഴിവാക്കലോ ആവശ്യമില്ലായെന്ന് സംസ്ഥാനചരക്കുസേവന നികുതി കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ഇക്കാര്യത്തിൽ ധനകാര്യവകുപ്പിന് എതിർപ്പില്ലെന്ന് ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ ഒരു ബിൽ ആയി കൊണ്ടുവരാമോ എന്നതിൽ നയപരമായ തീരുമാനം വേണ്ടതിനാൽ ഇതു സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി

7. ബിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുക എന്ന് ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട സംഗതി

അനുബന്ധമായി ചേർത്തിട്ടുള്ള 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) കരട് ബിൽ അംഗീകരിക്കാമോ?

# 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ബിൽ

1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് റദ്ദാക്കുന്നതിനുള്ള

ഒരു

ബിൽ

പീഠിക-1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് (1991-ലെ 15) റദ്ദാക്കേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.-(1) ഈ ആക്റ്റിന് 2021-ലെ കേരള കാർഷികാദായ നികുതി (റദ്ദാക്കൽ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. റദ്ദാക്കലും ഒഴിവാക്കലും.-(1) 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് (1991-ലെ 15) (ഇതിനുശേഷം റദ്ദാക്കപ്പെട്ട ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു:

എന്നാൽ അപ്രകാരമുള്ള റദ്ദാക്കൽ,-

(എ) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ്, ചെയ്തിട്ടുള്ള ഏതെങ്കിലും കാര്യത്തെയോ ചെയ്ത ഏതെങ്കിലും കുറ്റത്തെയോ ഉണ്ടായിട്ടുള്ള ഏതെങ്കിലും പിഴയേയോ ശിക്ഷയെയോ, ആരംഭിച്ചിട്ടുള്ള ഏതെങ്കിലും നടപടിയെയോ ബാധിക്കുകയോ, അല്ലെങ്കിൽ

(ബി) റദ്ദാക്കൽ പ്രാബല്യത്തിൽ വന്ന സമയം പ്രാബല്യത്തിലുണ്ടായിരുന്നതോ നിലനിന്നിരുന്നതോ ആയ ഏതൊരു കാര്യത്തേയും പുനരുജ്ജീവിപ്പിക്കുകയോ; അല്ലെങ്കിൽ

(സി) റദ്ദാക്കപ്പെട്ട ആക്റ്റിന്റെ മുൻകാലത്തെ പ്രാബല്യത്തേയോ അതിൻ കീഴിൽ യഥാവിധി ചെയ്തതോ സംഭവിച്ചതോ ആയ ഏതെങ്കിലും കാര്യത്തെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(ഡി) റദ്ദാക്കപ്പെട്ട ആക്റ്റിൻ കീഴിൽ, ആർജ്ജിച്ചതോ ഉണ്ടായിട്ടുള്ളതോ

സംഭവിച്ചതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ ബാധ്യതയെയോ കടപ്പാടിനെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(ഇ) റദ്ദാക്കപ്പെട്ട ആക്റ്റിനെതിരായി ചെയ്തിട്ടുള്ള ഏതെങ്കിലും കുറ്റം സംബന്ധിച്ചുള്ള ഏതെങ്കിലും പിഴയെയോ പിഴശിക്ഷയെയോ കണ്ടുകെട്ടലിനെയോ ശിക്ഷയെയോ ബാധിക്കുകയോ; അല്ലെങ്കിൽ

(എഫ്) മുൻപറഞ്ഞ പ്രകാരം അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ കടപ്പാടിനെയോ ബാധ്യതയെയോ പിഴയെയോ പിഴശിക്ഷയെയോ കണ്ടുകെട്ടലിനെയോ ശിക്ഷയെയോ സംബന്ധിച്ചുള്ള ഏതെങ്കിലും അന്വേഷണത്തെയോ നിയമനടപടിയെയോ അല്ലെങ്കിൽ പരിഹാരത്തെയോ ബാധിക്കുകയോ;

ചെയ്യുന്നതല്ലാത്തതും, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള ഏതെങ്കിലും അന്വേഷണ വിചാരണയോ നിയമനടപടികളോ അല്ലെങ്കിൽ പരിഹാരമോ ആരംഭിക്കാവുന്നതും അപ്രകാരമുള്ള ഏതെങ്കിലും പിഴയോ പിഴശിക്ഷയോ ശിക്ഷയോ ചുമത്താവുന്നതും ആകുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും,-

(എ) ഈ ആക്റ്റിന്റെ പ്രാരംഭതീയതിയിൽ റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരം, ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ മുൻപാകെ തീർപ്പാക്കാതെ നിലവിലിരിക്കുന്ന ഏതെങ്കിലും അപേക്ഷയോ അപ്പീലോ റിവിഷനോ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ തീർപ്പാക്കേണ്ടതാണ്.

(ബി) ഈ ആക്റ്റിന്റെ പ്രാരംഭതീയതിയിൽ, റദ്ദാക്കപ്പെട്ട ആക്റ്റിന്റെ കീഴിൽ നിയമിക്കപ്പെട്ട, അപ്പലേറ്റ് അതോറിറ്റി മുമ്പാകെ സമർപ്പിക്കപ്പെട്ടതും തീർപ്പാക്കാതെ നിലവിലിരിക്കുന്നതുമായ ഏതെങ്കിലും അപ്പീൽ, ഈ ആക്റ്റ് പാസ്സാക്കിയിട്ടില്ലായിരുന്നു എന്ന രീതിയിൽ അപ്രകാരമുള്ള അധികാരസ്ഥാനം കേൾക്കേണ്ടതും തീർപ്പാക്കേണ്ടതുമാണ്.

(സി) (1)-ാം ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരമുള്ള നികുതി നിർണ്ണയിക്കുവാൻ വിട്ടുപോയ കാർഷികാദായത്തിന്മേലുള്ള നികുതി

നിർണ്ണയം ഉൾപ്പെടെയുള്ള നികുതി നിർണ്ണയം, നികുതി ചുമത്തൽ, നികുതി പിരിച്ചെടുക്കൽ, ഈടാക്കൽ എന്നിവ സംബന്ധിച്ച് ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ നിലവിലുണ്ടായിരുന്ന നടപടികൾ തുടരുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള അവകാശം, ഏതെങ്കിലും ആളിൽ നിന്നും കിട്ടേണ്ട തുക ഒരാൾ നൽകുന്നതിനുള്ള ബാധ്യത, റദ്ദാക്കപ്പെട്ട ആക്റ്റിന് കീഴിൽ തുക തിരികെ ലഭിക്കുന്നതിനുള്ള ഏതെങ്കിലും അവകാശം എന്നിവയെ ബാധിക്കുന്നതല്ല.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്ത് തോട്ടം മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെ കുറിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വേണ്ടി 27-11-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 188/2015/തൊഴിൽ പ്രകാരം നിയമിച്ച ജസ്റ്റിസ് എൻ. കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുവാൻ സർക്കാർ തീരുമാനിച്ചു. കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കണമെന്ന ശിപാർശ നടപ്പിലാക്കുന്നതിനായി, 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് (1991-ലെ 15) റദ്ദാക്കുവാനും സർക്കാർ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഒരു നിയമനിർമ്മാണം കൊണ്ടുവരുവാനും സർക്കാർ തീരുമാനിച്ചു.

മേൽ പ്രസ്താവിച്ച ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏല്പിച്ചുകൊടുത്ത നിയമനിർമാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

നിർദ്ദിഷ്ടനിയമനിർമാണം സംബന്ധിച്ച വ്യവസ്ഥകൾ ഭാരതത്തിന്റെ ഭരണഘടനയിലെ വ്യവസ്ഥകൾക്ക്, പ്രത്യേകിച്ച്, മൗലികാവകാശങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്നതല്ല. ഇതു സംബന്ധിച്ച് ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങേണ്ട ആവശ്യമില്ല.

അതിനാൽ, സംസ്ഥാന നിയമസഭയ്ക്ക് ഈ വിഷയത്തിൽ നിയമനിർമാണം നടത്താൻ അധികാരമുണ്ട്.